രാംലീലയും Vedic Chantry-യും കൂടിയാട്ടവുമാണ് ഇത്തരത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. നമ്മുടെ സാംസ്ക്കാരിക പാരമ്പര്യത്തിൽപ്പെട്ടതാണ് കൂടിയാട്ടം. അതിനോടൊപ്പം ചെട്ടികുളങ്ങര കുംഭ ഭരണി മഹോത്സവത്തെ ഉൾപ്പെടുത്താൻ സർവ്വ നടപടികളും ഈ ഗവൺമെന്റ് കൈക്കൊള്ളും.

(18) മിൽമ ജീവനക്കാർക്ക് പെൻഷനും ക്ഷേമനിധിയും

ശ്രീ. വർക്കല കഹാർ: സർ, സംസ്ഥാനത്തെ ഏറ്റവും വലിയ സഹകരണ പൊതുമേഖലാ സ്ഥാപനമാണ് മിൽമ. 3500-ൽ പരം ജീവനക്കാർക്ക് നാളിതുവരെ പെൻഷനും ക്ഷേമപദ്ധതിയും നടപ്പിലാക്കിയിട്ടില്ല. നിത്യേന 11 ലക്ഷത്തോളം ലിറ്റർ പാൽ സംഭരിച്ച് രാപകലില്ലാതെ സംസ്ക്കരിച്ച് സംസ്ഥാനത്തെ ആശുപത്രികളുൾപ്പെടെയുള്ള ഉപഭോക്താക്കളിലെത്തിക്കുന്ന ഈ ജീവനക്കാർ റിട്ടയർ ചെയ്താൽ ജീവിക്കുവാൻ പോലും നിവൃത്തിയില്ലാത്തവരാണ്. ഇവർക്ക് പെൻഷനും ക്ഷേമനിധിയും നടപ്പിലാക്കുന്നതിനുവേണ്ടി അങ്ങ് മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, മിൽമയിലെ 3500 ഓളം വരുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളാണ് ബഹുമാനപ്പെട്ട വർക്കല കഹാർ ഉന്നയിച്ചിരിക്കുന്നത്. തൊഴിലാളികളോട് അങ്ങേയ്ക്കുള്ള താൽപര്യം സഭയ്ക്ക് നല്ല ബോധ്യമുള്ളതാണ്. മൂന്ന് വിഷയങ്ങളാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഒന്ന് ശമ്പള പരിഷ്ക്കരണം, രണ്ട്, അവരുടെ ക്ഷേമനിധി, മൂന്ന് അവരുടെ പെൻഷൻ. 1-7-2006-ൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്. 2011-ലാണ് അതിന്റെ കാലാവധി അവസാനിക്കുന്നത്. അവസാനിക്കുന്ന മുറയ്ക്ക് വീണ്ടും ശമ്പളപരിഷ്ക്കരണം നടത്താൻവേണ്ടി ഗവൺമെന്റിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. രണ്ടാമത്തെ കാര്യം ക്ഷേമനിധിയാണ്. മിൽമയുടെ മുഴുവൻ ജീവനക്കാരും പ്രോവിഡന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെട്ടവരാണ്. ആ സ്കീമിൽ ഒരു പെൻഷനുണ്ട്. ഒരു പെൻഷൻ കിട്ടുന്ന ആളിന് രണ്ടാമതൊരു പെൻഷൻ സർക്കാർ മേഖലയിൽ സാധ്യമല്ല. ആ പെൻഷന് അപാകതകളുണ്ടെന്നുള്ളത് ശരിയാണ്. അത് തിരുത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. മൂന്നാമത്തെ കാര്യം, പെൻഷൻ. പ്രോവിഡന്റ് ഫണ്ടിൽ നിന്ന് വിട്ട് വരാൻ പ്രോവിഡന്റ് ഫണ്ട് അതോറിറ്റി അനുവദിക്കുമെങ്കിൽ പുതിയ പെൻഷൻ സ്കീം ഇവിടെ നടപ്പിലാക്കാൻ കഴിയുന്നതാണ്. ഈ ജീവനക്കാർക്ക് ഇന്ന് പ്രോവിഡന്റ് ഫണ്ടുണ്ട്, ഗ്രാറ്റുവിറ്റിയുണ്ട്, മറ്റ് എല്ലാ ആനുകൂല്യങ്ങളുമുണ്ട്. ശമ്പള പരിഷ്ക്കരണം ഉടനടി നടപ്പിലാക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(19) റാന്നി രാമപുരം ക്ഷേത്രത്തിന്റെ പുനർനിർമ്മാണം

ശ്രീ. രാജു എബ്രഹാം: സർ, ശബരിമല ഇടത്താവളമായ റാന്നി രാമപുരം ക്ഷേത്രം വൻ അഗ്നിബാധയിൽ കത്തിയമർന്നു. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി കടന്നപ്പള്ളി രാമചന്ദ്രനും ദേവസ്വം ബോർഡ് മെമ്പർമാരും അതിൽ അടിയന്തരമായി ഇടപെടുകയും സ്ഥലം സന്ദർശിക്കുകയുമുണ്ടായി. ഈ ക്ഷേത്രം പരിപൂർണ്ണമായും പുനർനിർമ്മിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly